# തൃശൂർ പുഷ്പോത്സവം നാളെ മുതൽ

**തൃശൂർ:** അഗ്രി-ഹോർട്ടി കൾച്ചർ സൊസൈറ്റി നടത്തുന്ന 40ാം പുഷ്പോത്സവത്തിന് ശനിയാഴ്ച തേക്കിൻകാട് മൈതാനിയിൽ തുടക്കമാകും. രാത്രി എട്ടിന് കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.

അന്താരാഷ്ട്ര നിലവാരമുള്ള നൂറിൽപരം ഓർക്കിഡുകൾ, ഔഷധ സസ്യങ്ങൾ, റോസ് ചെടികൾ, ജർബറ, ഡാലിയ, ബോൺസായ്, പൂച്ചെടികൾ തുടങ്ങിയവ പ്രദർശനത്തിനുണ്ടാകും. കേരള കാർഷിക സർവകലാശാല, വെറ്ററിനറി സർവകലാശാല സ്റ്റാളുകൾ, കാർഷിക ഉൽപന്ന പവലിയനുകൾ, പുഷ്പാലങ്കാരം, ഫ്ലവർ ഡെക്കറേഷൻ, വെജിറ്റബിൾ കാർവിങ്, പെറ്റ് ഷോ, പുഷ്പറാണി-പുഷ്പരാജൻ മത്സരം, ചിത്രരചന മത്സരം, കലാപരിപാടികൾ എന്നിവയുണ്ടാകും. കുടുംബശ്രീയുടെ ആറു സംഘങ്ങൾ ഒരുക്കുന്ന ഭക്ഷ്യമേളയും പുഷ്പോത്സവത്തിൻെറ പ്രത്യേകതയാണ്.

കേരള കാർഷിക സർവകലാശാല, തൃശൂർ കോർപറേഷൻ, ജില്ല പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെയാണ് പുഷ്പോത്സവം സംഘടിപ്പിക്കുന്നത്.

ഒരു ലക്ഷം കുട്ടികൾക്ക് സൗജന്യപാസ് അനുവദിക്കും. കെ. രാധാകൃഷ്ണൻ, രാമചന്ദ്രൻ പെരുമ്പിടി, സെബി ഇരിമ്പൻ, വിനോദ് കുറുവത്ത്, പി. മുഹമ്മദ് ബാബു എന്നിവർ വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.

Madhymam 19.01.18